പ്രകാശവചനം ● **വി.പി മെഹബൂബ അനീസ്, കുവൈത്ത്**

# സ്വർഗം വിലക്കുന്ന ദുർഗുണം

عَنْ عَبدِ الله بْنُ مَسْعُود رضي الله عَنهُ قَال قَالَ النَّبي ﷺ: لاَ يَدْخُلُ الْجَنَّةَ مَن كَانَ فِي قَلْبِه مِثْقَالَ ذَرَّةٍ مِن كِبْرٍ، قَالَ رجلٌ:إنّ الرّجُلَ يُحِبّ أن يَكُونَ ثَوبُه حَسَنا ، وَنَعْلُهُ حَسَنا، قال: إنّ اللَّهَ جَمِيلٌ يُحِبُّ الْجَمَالَ، الكِبْرُ بَطَرُ الحقّ، وَغمْطُ النَّاسِ

അബ്ദുല്ലാഹിബ്നു മസ്ഊദിൽ(റ)നിന്ന്: പ്രവാചൻ (സ) അരുളി : അണുതൂക്കം അഹങ്കാരം മനസ്സിലുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. ഒരാൾ ചോദിച്ചു: തന്റെ വസ്ത്രവും പാദരക്ഷയും നല്ലതായിരിക്കണമെന്നു ഒരാൾ ആഗ്രഹിക്കുന്നു (ഇത് അഹങ്കാരമാണോ?). പ്രവാചകൻ (സ) പറഞ്ഞു: അല്ലാഹു സൗന്ദര്യവാനാണ്. അവൻ സൗന്ദര്യം ഇഷ്ടപ്പെടുന്നു. അന്യന്റെ അവകാശങ്ങൾ തടഞ്ഞുവെക്കലും ജനങ്ങളെ നിന്ദിക്കലുമാണ് അഹങ്കാരം (മുസ്‌ലിം).

മനുഷ്യനിലെ എല്ലാ നന്മകളുടെയും അടിവേരറുക്കുന്ന ദുർഗുണത്തെയാണ് ഈ നബി വചനത്തിൽ സൂചിപ്പിക്കുന്നത്. അഹങ്കാരികളെ അല്ലാഹുവും ജനങ്ങളും വെറുക്കും. അവർക്ക് സ്വർഗം നിഷേധിക്കപ്പെടുകയും ചെയ്യും. "തീർച്ചയായും അഹങ്കാരികളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല" (ഖുർആൻ). തങ്ങൾ സ്വയം വലിയവരാണെന്ന നാട്യം കാരണം അഹങ്കാരികൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏറ്റവും നിന്ദ്യരും ജനമനസ്സുകളിൽ നീചരുമായി മാറുന്നു.

തന്റെ മനസ്സിലും ഭാവത്തിലും നടപടിയിലും അഹങ്കാരത്തിന്റെ അംശം ഉണ്ടോ എന്ന് ഓരോരുത്തരും നിരന്തരമായി ആത്മപരിശോധന നടത്തേണ്ടതുണ്ട്. വിനയാന്വിതന് അല്ലാഹു ഔന്നത്യം നൽകും. സ്രഷ്ടാവിനു വേണ്ടി സൃഷ്ടികളോട് വിനയം കാണിക്കുന്നവന് ഒരിക്കലും അഹങ്കാരം ഉണ്ടാവില്ല. മനുഷ്യനെ അധമനാക്കുന്ന ദുർഗുണമാണ് അഹംഭാവം. സ്വർഗപ്രവേശനത്തിന് തടസ്സമാകുന്ന അതിഗുരുതരമായ ഈ ദുഃസ്വഭാവത്തിനിരയാവാതിരിക്കാൻ വിശ്വാസികൾ ജാഗരൂകരാകേണ്ടതുണ്ട്. അല്ലാഹുവിന്റെ ശാപത്തിന് പാത്രമായി, ഇബ്‌ലീസ് സ്വർഗത്തിൽനിന്ന് ആട്ടിയോടിക്കപ്പെടാൻ കാരണമായത് അഹംഭാവമാണ്.

നബി(സ) പറഞ്ഞു: "നരകവും സ്വർഗവും തർക്കത്തിൽ ഏർപ്പെട്ടു. നരകം പറഞ്ഞു: പൊങ്ങച്ചക്കാരെയും അഹങ്കാരികളെയും എനിക്കു വേണ്ടി പ്രത്യേകം തയാറാക്കപ്പെട്ടിരിക്കുന്നു. അപ്പോൾ സ്വർഗം പറഞ്ഞു: ജനങ്ങളിലെ ദുർബലരും പതിതരുമല്ലാതെ എന്നിൽ പ്രവേശിക്കുന്നില്ല."

സത്യം അംഗീകരിക്കാതിരിക്കുക, മറ്റുള്ളവരെ നിസ്സാരരായി കരുതുക. ഇതാണ് അഹങ്കാരമെന്ന് വ്യക്തമാക്കുകയാണ് മേൽ നബിവചനത്തിൽ. വിജ്ഞാനം, തറവാട്, സൗന്ദര്യം, സമ്പത്ത്, അധികാരം തുടങ്ങിയ അനുഗ്രഹങ്ങളുടെ പേരിൽ മനുഷ്യൻ അഹങ്കരിക്കാറുണ്ട്. സ്വന്തത്തെ കുറിച്ചും ദൈവത്തെ കുറിച്ചും യഥാർഥ ജ്ഞാനമില്ലാത്ത മൂഢന്മാരാണ് അഹങ്കാരികൾ. തനിക്കു ലഭിച്ച ഏതേത് നന്മകളും നേട്ടങ്ങളും ഉണ്ടോ അവയെല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലഭിച്ചതാണെന്ന് തിരിച്ചറിയുകയും അവനു നന്ദി കാണിക്കുകയും ചെയ്യുന്നവന് അഹങ്കരിക്കാനാവില്ല.

ഉമറുൽ ഫാറൂഖ് ഒരിക്കൽ പറഞ്ഞു: "എന്റെ മാതൃസഹോദരിയുടെ ആടുകളെ മേയ്ച്ചു പകരം ഒരുപിടി കാരക്ക വാങ്ങി തിന്നു ഞാൻ ജീവിച്ച കാലം ഉണ്ടായിരുന്നു. ഇന്നോ ഇക്കാണുന്നതാണ് എന്റെ സ്ഥിതി." ഇത് കേട്ടപ്പോൾ അബ്ദുർറഹ്മാനുബ്നു ഔഫ് ചോദിച്ചു: 'നിങ്ങൾ സ്വയം ഇടിച്ചു താഴ്ത്തുകയാണല്ലോ. ആളുകളുടെ മുമ്പിൽ സ്വയം നിന്ദ്യനാകാമോ!' ഉമർ പറഞ്ഞു: 'അങ്ങനെയല്ല, ഏകാന്തനായി ഇരിക്കുമ്പോൾ എന്റെ മനസ്സ് എന്നോട് പറയുന്നു. നീ വിശ്വാസികളുടെ നേതാവാണ്, നിന്നെക്കാൾ ശ്രേഷ്ഠൻ ആരുണ്ട്? ഈ വിചാരം എനിക്കു ഒരിക്കലും വരാതിരിക്കാൻ ഞാൻ എന്റെ യഥാർഥ അവസ്ഥ അനുസ്മരിക്കേണ്ടത് അനിവാര്യമായിരിക്കുന്നു.'

നോക്കൂ, അഹങ്കാരത്തിന്റെയോ ഗർവിന്റെയോ ലാഞ്ഛന പോലുമില്ലാതിരിക്കാൻ പ്രവാചകന്മാരും മഹാന്മാരും എത്ര ബദ്ധശ്രദ്ധരാവുന്നു!

മറ്റുള്ളവരെ നിസ്സാരരായി ഗണിച്ച് മുഖം ചുളിക്കുന്നതും, തന്നെ കാണുമ്പോൾ ആളുകൾ എഴുന്നേറ്റു നിൽക്കണമെന്ന് ആഗ്രഹിക്കുന്നതും, തന്റെ മേൽക്കോയ്മ നഷ്ടപ്പെട്ട് പോകുമെന്ന ഭയത്താൽ മറ്റുള്ളവരുടെ അവകാശങ്ങൾ ഹനിക്കുന്നതും നിഷേധിക്കുന്നതും ദൈവകോപം ക്ഷണിച്ചുവരുത്തുന്ന അഹങ്കാരത്തിന്റെ ലക്ഷണങ്ങളായാണ് ഇസ്‌ലാം കാണുന്നത്. ■

mehabuanees@gmail.com